# കേരളപാണിനീയം

എ. ആർ. രാജരാജവർമ്മ

2018

Kēraḷapāṇinīyam
Malayalam Grammar
by A. R. Rājarāja Varma
First published: 1917

First EPUB/PDF version published: 2017
Second EPUB/PDF version published: 2018

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2016. ePub version was generated by TeX4ht from the same LaTeX sources. A cloud based framework namely, ഇതൾ (ITHAL) has been used to process the documents and generate various output formats.

The base font used was traditional script of Rachana, contributed by KH Hussain, *et al.*, and maintained by Swathanthra Malayalam Computing. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Cover: Details from the painting, namely, *The Return of the Stork* (1893), by the Dutch painter, Theodoor van Hoytema (1863–1917). The image is taken from Wikimedia Commons and is gratefully acknowledged.

The digital editions published by: **Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം


ഉള്ളടക്കം . . . . . v
മുഖവുര . . . . . ix
'സായാഹ്ന' പതിപ്പിന്റെ പ്രത്യേകതകൾ . . . . . xiii

**ഒന്ന് പീഠിക** **15**
1 മലയാളദേശവും ഭാഷയും . . . . . 17
1 അനുനാസികാതിപ്രസരം: . . . . . 31
2 തവർഗ്ഗോപമർദ്ദം അല്ലെങ്കിൽ താലവ്യാദേശം: . . . . . 32
3 സ്വരസംവരണം: . . . . . 32
4 പുരുഷഭേദനിരാസം: . . . . . 34
5 ഖിലോപസംഗ്രഹം: . . . . . 37
6 അംഗഭംഗം: . . . . . 39
2 ഘട്ടവിഭാഗം . . . . . 53
1 ആദ്യഘട്ടം — കരിന്തമിഴകാലം: . . . . . 62
2 മധ്യഘട്ടം — മണിപ്രവാളരീതി . . . . . 63
3 ആധുനികഘട്ടം . . . . . 64
3 അക്ഷരമാല . . . . . 67
4 വർണ്ണവികാരങ്ങൾ . . . . . 81

**രണ്ട് സന്ധിപ്രകരണം** **97**
1 സന്ധിവിഭാഗം . . . . . 99
1 ലോപസന്ധി . . . . . 100
2 ആഗമസന്ധി . . . . . 103
3 ദ്വിത്വസന്ധി . . . . . 107
4 ആദേശസന്ധി . . . . . 113
2 ശബ്ദവിഭാഗം . . . . . 119
1 ഭേദകങ്ങളുടെ ഉൾപ്പിരിവുകൾ: . . . . . 128
3 പ്രകൃതിപ്രത്യയങ്ങൾ . . . . . 131

**മൂന്ന് നാമാധികാരം** **133**
1 ലിംഗപ്രകരണം . . . . . 135
2 വചനപ്രകരണം . . . . . 145
3 വിഭക്തിപ്രകരണം . . . . . 157
1 നാമരൂപാവലി . . . . . 165
4 വിഭക്ത്യാഭാസപ്രകരണം . . . . . 171
1 ഇനി ഇരട്ടിപ്പ് . . . . . 173
5 കാരകപ്രകരണം . . . . . 177
6 തദ്ധിതപ്രകരണം . . . . . 189
1 തന്മാത്രപ്രത്യയങ്ങൾ . . . . . 190

**നാല് ധാത്വധികാരം** **195**
1 ധാത്വധികാരം . . . . . 197
1 പ്രാരംഭം . . . . . 197
2 പ്രകൃതി . . . . . 197
3 സ്വഭാവം . . . . . 198
2 കാലപ്രകരണം . . . . . 199
1 കാലാദികളെ സംബന്ധിച്ച പൊതുനിയമങ്ങൾ . . . . . 205
2 കാലപ്രത്യയങ്ങളുടെ ആഗമം . . . . . 220
3 പ്രകാരപ്രകരണം . . . . . 223
4 പ്രയോഗപ്രകരണം . . . . . 231
5 പ്രയോജകപ്രകൃതി . . . . . 233
6 നാമധാതുപ്രകരണം . . . . . 241
7 ഖിലധാതുക്കൾ . . . . . 245
8 അനുപ്രയോഗം . . . . . 247
1 ഒന്നാംവക, ഭേദകാനുപ്രയോഗം . . . . . 251
2 രണ്ടാം വക; കാലാനുപ്രയോഗം . . . . . 255
3 മൂന്നാംവക, പൂരണാനുപ്രയോഗം . . . . . 257

9 നിഷേധപ്രകരണം . . . . . . . . . . . . . 259
10 സമുച്ചയം . . . . . . . . . . . . . . . . . 269
11 അംഗക്രിയ . . . . . . . . . . . . . . . . 271
1 പേരെച്ചം . . . . . . . . . . . . . . . . 275
2 വിനയെച്ചം . . . . . . . . . . . . . . 280
12 കൃതികൃത്തുക്കൾ . . . . . . . . . . . . . 295
13 കാരകകൃത്തുക്കൾ . . . . . . . . . . . . 299

**അഞ്ച് ഭേദകാധികാരം** **301**

1 ഭേദകാധികാരം . . . . . . . . . . . . . 303

**ആറ് നിപാതാവ്യയാധികാരം** **309**

1 നിപാതാവ്യയാധികാരം . . . . . . . . . . 311

**ഏഴ് ആകാംക്ഷാധികാരം** **315**

1 വാക്യപ്രകരണം . . . . . . . . . . . . . 317
1 പദക്രമം . . . . . . . . . . . . . . . . 320
2 പൊരുത്തം . . . . . . . . . . . . . . . 321
2 സമാസപ്രകരണം . . . . . . . . . . . . 325
3 ശബ്ദോൽപ്പത്തി . . . . . . . . . . . . . 333
ധാതുപാഠം . . . . . . . . . . . . . . . . . 347
കാരികാസൂചിക . . . . . . . . . . . . . . . 357
സൂചിക . . . . . . . . . . . . . . . . . . . 361

# 1

## ധാത്വധികാരം

### 1 പ്രാരംഭം

ധാതുവെന്നാൽ ക്രിയയെക്കുറിക്കുന്ന ശബ്ദം അല്ലെങ്കിൽ പ്രകൃതി എന്നു പ്രസ്താവിച്ചിട്ടുണ്ട്; ക്രിയയുടെ സ്വഭാവവും കാരകാധികാരത്തിൽ പ്രസംഗവശാൽ വിസ്തരിച്ചിട്ടുണ്ട്; ഇനി ധാതുവിനു വരുന്ന രൂപഭേദങ്ങളെയാണ് ഇവിടെ ആലോചിക്കേണ്ടത്. ക്രിയയോടു സദാ ചേർന്നുനിൽക്കുന്ന ഓരോരോ ഉപാധികളെ കുറിക്കുന്നതിനുവേണ്ടി അതതിന്റെ വാചകമായ ധാതുവിൽ ഓരോരോ വികാരങ്ങളെ ചെയ്യുന്നു; ഈ വികാരങ്ങളാണ് ധാതുവിന്റെ രൂപങ്ങൾ. ഉപാധികളെ ആദ്യം പരിഗണനം ചെയ്തിട്ട് ഒാരോന്നിന്റെയും സ്വഭാവം വിവരിക്കാം. ഉപാധികളാവിത്:

1. പ്രകൃതി, 2. സ്വഭാവം, 3. കാലം, 4. പ്രകാരം, 5. പ്രയോഗം, 6. പുരുഷൻ, 7. ലിംഗം, 8. വചനം.

### 2 പ്രകൃതി

“രാജാവു മന്ത്രിയെക്കൊണ്ടു രാജ്യം ഭരിപ്പിക്കുന്നു” എന്നു പറയുന്നിടത്ത് വാസ്തവത്തിൽ രാജ്യഭാരം എന്ന ക്രിയ ചെയ്യുന്നത് മന്ത്രിയാണെങ്കിലും അവന് ഇൗ ക്രിയയിലുള്ള കർത്തൃത്വം, നാം ഉണ്ണുമ്പോൾ നമ്മുടെ കൈയ്യ് ചോറുവാരി വായിലിടുക എന്ന ക്രിയയിൽ ഉള്ളതുപോലെ അപ്രധാനമാകുന്നു. രാജാവിന്റെ പ്രേരണ ഇല്ലാതിരുന്നെങ്കിൽ മന്ത്രിക്ക് ഇൗ ക്രിയ ഒരിക്കലും നടത്താൻ കഴികയില്ലായിരുന്നു; അതിനാൽ പ്രാധാന്യം നോക്കുന്നപക്ഷം രാജാവ് ഇവിടെ കർത്താവാകുന്നു. ഇൗ ഉദാഹരണത്തിലെ രാജാവിനെപ്പോലെ കർത്താവിനെ ക്രിയയിൽ പ്രവർത്തിപ്പിക്കുന്നവന് പ്രയോജകകർത്താവെന്നും, മന്ത്രിയെപ്പോലെ സാക്ഷാൽ ആ ക്രിയ ചെയ്യുന്നവന് പ്രയോജ്യകർത്താവെന്നും സംജ്ഞകൾ ചെയ്യപ്പെട്ടിരിക്കുന്നു. തനിക്കുള്ള സ്വന്തമായ അർത്ഥം ഒഴിച്ച് പ്രേരണ മുതലായ പ്രയോജകവ്യാപാരം എന്ന് ഒരധികാംശത്തെക്കൂടി കാണിക്കുന്ന ധാതുക്കൾ പ്രയോജകപ്രകൃതിയിൽ എന്നും, ഈ വിശേഷാർത്ഥമില്ലാത്ത സാധാരണധാതുക്കൾ കേവലപ്രകൃതിയിൽ എന്നും വ്യവസ്ഥ. ഇങ്ങനെ ധാതുക്കൾ പ്രകൃതിഭേദംകൊണ്ടു രണ്ടുവിധം. അതിനാൽ “ഭരിക്കുന്നു” എന്നതു കേവലപ്രകൃതിയും, “ഭരിപ്പിക്കുന്നു” എന്നതു പ്രയോജകപ്രകൃ

തിയും ആകുന്നു.

## 3 സ്വഭാവം

പ്രയോജകപ്രകൃതിയുടെ അർത്ഥം സ്ഫുടമായി കാണ്മാനില്ലെങ്കിലും ചില കേവലധാതുക്കൾക്കു പ്രയോജകപ്രകൃതിയുടെ രൂപം കാണുമാറുണ്ട്. ഇങ്ങനെയുള്ള ധാതുക്കൾക്ക് ഇൗ വ്യാകരണത്തിൽ “കാരിതം” എന്നു പേർ ചെയ്തിരിക്കുന്നു; അങ്ങനെ അല്ലാത്തവ “അകാരിതം” എന്നും വ്യവഹരിക്കപ്പെടുന്നു. അതിനാൽ കാരിതധാതുവെന്നാൽ സ്വാർത്ഥത്തിൽ പ്രയോജകരൂപം വരുന്ന ധാതുവെന്നു വന്നുകൂടുന്നു. പാണിനീയവ്യാകരണത്തിൽ സ്വാർത്ഥണിജന്തങ്ങൾ എന്നു പറയുന്ന ചുരാദിഗണത്തിലെ ധാതുക്കൾ ഇവയ്ക്കു സമമായിരിക്കും. കാരിതം എന്ന് ഇവയ്ക്കു ചെയ്തിരിക്കുന്ന പേരും സംസ്കൃതത്തിലെ പ്രാചീനവൈയാകരണന്മാരുടെ പ്രയോജകപ്രകൃതിക്കുള്ള സംജ്ഞ ആകുന്നു. ഒരു ധാതു കാരിതമോ അകാരിതമോ എന്നുള്ളതു ധാതുപാഠത്തിൽനിന്നുതന്നെ അറിയേണ്ടതാകുന്നു. ഇൗ ഭേദം സ്വരത്തിലോ, ചില്ലിലോ അവസാനിക്കുന്ന ധാതുക്കൾക്കു മാത്രമേ ഉള്ളൂ എന്നൊരു നിയമമുണ്ട്. നമ്മുടെ ജർമ്മനീയവൈയാകരണൻ കാരിതാകാരിതങ്ങൾക്കു “ബലാബലക്രിയകൾ” എന്നു യഥാക്രമം പേർ കൊടുത്തിരിക്കുന്നു. Strong verbs and Weak verbs എന്ന വിഭാഗം ഇംഗ്ലീഷ് (grammarian) ഗ്രമേറിയന്മാരാൽത്തന്നെ അനുചിതം എന്നു ഗണിക്കപ്പെട്ടിട്ടുള്ളതാകയാലും, വിഭാഗോപാധി രണ്ടു ഭാഷകളിലും ഭിന്നമാകയാലും, ഇംഗ്ലീഷ് തർജ്ജമയായ ഇൗ പേരുകൾ ഒട്ടും ഭംഗിയായിട്ടില്ല.